**2024 സെപ്റ്റംബർ 28 ന് ശനിയാഴ്ച രാവിലെ 11.30 മണിക്ക് തൃശ്ശൂർ കില ആസ്ഥാന മന്ദിരത്തിലെ ബൽവന്ത്റായ് മേത്ത ഹാളിൽ വെച്ച് ചേർന്ന കിലയുടെ പതിമൂന്നാമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ്.**

കില ഗവേർണിംഗ് കൗൺസിൽ ചെയർപേഴ്സണും ബഹു. തദ്ദേശ സ്വയംഭരണ, എക്സൈസ്, പാർലമെന്ററി കാര്യ വകുപ്പ് മന്ത്രിയുമായ ശ്രീ. എം. ബി. രാജേഷ് അധ്യക്ഷത വഹിച്ചു.

ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)

1. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി : മെമ്പർ
   ബഹു. എം. എൽ. എ
   വടക്കാഞ്ചേരി നിയോജകമണ്ഡലം
2. അഡ്വ. എം. അനിൽകുമാർ : മെമ്പർ
   പ്രസിഡന്റ്, മേയേഴ്സ് കൗൺസിൽ &
   ബഹു. മേയർ, കൊച്ചി കോർപ്പറേഷൻ
3. ശ്രീ. എം. കൃഷ്ണദാസ് : മെമ്പർ
   ചെയർമാൻ, ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാൻ &
   ചെയർമാൻ, ഗുരുവായൂർ മുനിസിപ്പാലിറ്റി, തൃശ്ശൂർ
4. ശ്രീ. എസ്. ബസന്ത് ലാൽ : മെമ്പർ
   പ്രസിഡണ്ട്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, തൃശ്ശൂർ
   (കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, പ്രതിനിധി)
5. ശ്രീ. ബി. പി. മുരളി, : മെമ്പർ
   പ്രസിഡണ്ട്, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
6. ഡോ. ജ്യോതിസ് സത്യപാലൻ : മെമ്പർ
   പ്രൊഫസ്സർ, NIRD&PR, ഹൈദരാബാദ്
   (NIRD&PR പ്രതിനിധി)
7. ശ്രീ. കെ. എസ്. അജയകുമാർ : മെമ്പർ
   അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8. ശ്രീ. ബാലഗോപാൽ പി. സി, : മെമ്പർ
   അഡീഷണൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്
   പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രതിനിധി
9. ശ്രീമതി. മഞ്ജു.എം.എസ് : മെമ്പർ
   അണ്ടർ സെക്രട്ടറി, പ്ലാനിംഗ് & ഇക്കണോമിക് അഫയേഴ്സ്
   (ഓൺലൈൻ സാന്നിധ്യം)
10. ശ്രീ. നിസാമുദ്ദീൻ.എ, ഐ.എ.എസ് : മെമ്പർ
    ഡയറക്ടർ ജനറൽ, കില

**തീരുമാനങ്ങൾ**

**ഐറ്റം നമ്പർ 01:**

2024 മാർച്ച് 6 ന ഉച്ചതിരിഞ്ഞ് 3 മണിക്ക് ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ സെക്രട്ടേറിയറ്റ് സൗത്ത് കോൺഫറൻസ് ഹാളിൽ ചേർന്ന കിലയുടെ പന്ത്രണ്ടാമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിട്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്:

**തീരുമാനം :**

അംഗീകരിച്ചു

**ഐറ്റം നമ്പർ 02:**

മുൻ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങളിൽ എടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ

മുൻ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങളിൽ കൈക്കൊണ്ട നടപടികൾ കില ഡയറക്ടർ ജനറൽ യോഗത്തിൽ അവതരിപ്പിച്ചു

ACTION TAKEN REPORT ON THE DECISIONS OF THE 12th GOVERNING COUNCIL HELD ON 06.03.2024

| | | |
|---|---|---|
| ഐറ്റം നമ്പർ 1: | കിലയുടെ പതിനൊന്നാമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിട്ട്സ് അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച് | നടപടി പൂർത്തീകരിച്ചു |
| ഐറ്റം നമ്പർ 2 | മുൻ ഫിനാൻസ് ആൻഡ് അക്കൗണ്ട്സ് ഓഫീസർ വിടുതൽ ചെയ്യുന്നതിന് അടിയന്തര നടപടിയുടെ ഭാഗമായി ഇൻറ്റേണൽ ഓഡിറ്റ് നടത്തുന്ന സ്ഥാപനത്തിലെ ഒരു ചാർട്ടേഡ് അക്കൗണ്ടിന് കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നത് സംബന്ധിച്ച് | തസ്തികയിലേക്ക് അഭിമുഖം നടത്തുകയും പുതിയ ഫിനാൻസ് ഓഫീസർ ചാർജെടുക്കുകയും ചെയ്തു |
| ഐറ്റം നമ്പർ 3 | 2024-25 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് | നടപടി പൂർത്തീകരിച്ചു |
| ഐറ്റം നമ്പർ 4 | 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്ററുടെ നിയമനം | നടപടി പൂർത്തീകരിച്ചു |
| ഐറ്റം നമ്പർ 5 | സംയോജിത കിലയുടെ എച്ച്.ആർ പോളിസി നടപ്പിലാക്കുന്നത് | സർക്കാർ അംഗീകരിച്ച എച്ച്.ആർ പോളിസി പ്രകാരം തുടർനടപടികൾ സ്വീകരിച്ചു വരുന്നു |

| | | |
|---|---|---|
| ഐറ്റം നമ്പർ 7 | അസിസ്റ്റൻറ് ഗ്രേഡ് ടു തസ്തികയുടെ ശമ്പള സ്കെയിൽ ഏകീകരിച്ച് അപ്ഗ്രേഡ് ചെയ്യുന്നത് | ചുമതലപ്പെടുത്തിയത് പ്രകാരം സർക്കാരിലേക്ക് കത്തുകൾ നൽകിയിട്ടുണ്ട് |
| ഐറ്റം നമ്പർ 8 | കൊട്ടാരക്കര കേന്ദ്രത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ ടെക്നിക്കൽ കൺസൾട്ടന്റായി പ്രവർത്തിച്ചുവരുന്ന ശ്രീ അജിത്ത് ആറിന്റെ സ്ഥിരനിയമനത്തിനായി ഉള്ള അപേക്ഷ | |
| ഐറ്റം നമ്പർ 9 | കേന്ദ്രസർക്കാറിന്റെ RGSA പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര സി.എച്ച്.ആർ.ഡി യിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീ മുഹമ്മദ് ഷമീറിന് സ്ഥിര നിയമനം നൽകുന്നത് | |
| ഐറ്റം നമ്പർ 10 | അഗളി സെന്ററിൽ ദിവസവേതനം/ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നവരെ സ്ഥിരപ്പെടുത്തുന്നത് | |
| ഐറ്റം നമ്പർ 11 | കൊട്ടാരക്കര സി.എസ്.ഇ. ഡി യിൽ ദിവസ വേതന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ശ്രീ രാജീവിനെ മെക്കാനിക് തസ്തികയിൽ സ്ഥിര നിയമനം നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ | |
| അഡീഷണൽ അജണ്ട – ഐറ്റം നമ്പർ 1 | കിലയിലെ സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് | നടപടികൾ പൂർത്തീകരിച്ചു |

ACTION TAKEN REPORT ON THE DECISIONS OF THE 11th GOVERNING COUNCIL HELD ON 11.07.2023

| | | |
|---|---|---|
| ഐറ്റം നമ്പർ 5 | 2022- 23 സാമ്പത്തിക വർഷത്തിലെ സർക്കാരിന്റെ ധനസഹായം ലഭിക്കുന്നത് സംബന്ധിച്ച് | നടപടികൾ പൂർത്തീകരിച്ചു |
| ഐറ്റം നമ്പർ 6 | കിലയിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച തീരുമാനങ്ങൾ | നിർദേശിച്ച നടപടികൾ പൂർത്തീകരിച്ചു |

| | | |
|---|---|---|
| ഐറ്റം നമ്പർ 7 | തളിപ്പറമ്പ് സെൻററിലെ ഐപിപിഎൽ കോളേജിന്റെ ചിലവുകൾ പ്ലാൻ ഫണ്ടിൽ ഉൾപ്പെട്ടുത്തി നടപ്പിലാക്കുന്നത് സംബന്ധിച്ച് | നടപടികൾ സ്വീകരിച്ചു വരുന്നു |
| ഐറ്റം നമ്പർ 8 | കില തൃശ്ശൂർ ക്യാമ്പസിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പുതിയ കോഴ്സുകൾ തുടങ്ങുന്നത് സംബന്ധിച്ച് | നടപടികൾ പൂർത്തീകരിച്ചു |
| ഐറ്റം നമ്പർ 10 | ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നികത്താവുന്നത് സംബന്ധിച്ച് | സർക്കാരിലേക്ക് കത്ത് നൽകി |
| ഐറ്റം നമ്പർ 14 | അസിസ്റ്റൻറ് ഡയറക്ടർ പേഴ്സണൽ സെക്രട്ടറി ടു ഡയറക്ടർ ജനറൽ പേഴ്സണൽ സെക്രട്ടറിയേറ്റ് ഡയറക്ടർ എന്നീ തസ്തികകളിലേക്ക് സ്ഥാനകയറ്റം നൽകിയ നടപടികൾ സംബന്ധിച്ചു | നിർദ്ദേശിച്ച പ്രകാരം സെലക്ഷൻ കം സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ പരിഗണന യ്ക്ക് നല്കുകയും ചെയ്തു. |
| ഐറ്റം നമ്പർ 16 | സ്ഥിരനിയമനം – കരാർ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന കോർ ഫാക്കൽറ്റി അംഗങ്ങളുടെ അപേക്ഷ സംബന്ധിച്ച് | സർക്കാരിലേക്കു അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |
| ഐറ്റം നമ്പർ 17 | ഹെഡ് ക്വാർട്ടേഴ്സിലും കൊട്ടാരക്കര യിലും ദിവസവേതനം കരാർ അടിസ്ഥാനത്തിൽ അംഗീകൃത തസ്തിക കളിൽ ജോലി ചെയ്തു വരുന്നവരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് | സർക്കാറിലേക്ക് കത്ത് സമർപ്പിച്ചിട്ടുണ്ട് |
| ഐറ്റം നമ്പർ 18 | ഫിനാൻസ് അക്കൗണ്ട് ഓഫീസർ ഗിരിജാദേവിയുടെ സ്വയം വിരമിക്കൽ അപേക്ഷ | നടപടിക്രമങ്ങൾ പൂർത്തീകരിച്ചു |
| ഐറ്റം നമ്പർ 19 | അടിസ്ഥാന സൗകര്യ വികസനത്തിനായി ഭൂമി നേരിട്ട് ഏറ്റെടുക്കുന്നതിനായി സർക്കാരിൽ നിന്നും ഉത്തരവ് ലഭ്യമാക്കുന്നത് സംബന്ധിച്ച് | പതിമൂന്നാമത് ഗവേണിംഗ് കൗൺസിലിൽ പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തിയിട്ടുണ്ട് |

**തീരുമാനം :**

മുൻ ഗവർണിങ് കൗൺസിൽ യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ കമ്മിറ്റി വിലയിരുത്തി തൃപ്തി രേഖപ്പെടുത്തി.

**ഐറ്റം നമ്പർ 03:**

2023-24 സാമ്പത്തിക വർഷത്തിലെ ധനകാര്യ സ്റ്റേറ്റ്മെൻറ് ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം :**

2024 ആഗസ്റ്റ് 19 ന് കൂടിയ കിലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം പരിശോധിച്ച് കൈക്കൊണ്ട തീരുമാനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണം എന്ന വ്യവസ്ഥ യിൽ 2023-24 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സും അംഗീകരിച്ചു

കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിൽ നിന്നും, കേന്ദ്ര റൂറൽ ഡെവലപ്മെൻറ് മന്ത്രാലയത്തിൽ നിന്നും കിലയുടെ വിവിധ ക്യാമ്പസുകളിൽ വനിതാ ഹോസ്റ്റൽ നിർമ്മാണം, മറ്റു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, എന്നിവയ്ക്കായി ഫണ്ട് ലഭിക്കുന്നതിനായി വിശദമായ പ്രൊപോസൽ തയാറാക്കി സമർപ്പിക്കാവുന്നതാണെന്ന് തീരുമാനിച്ചു.

**ഐറ്റം നമ്പർ 04:**

കില ലാന്റ് അക്വിസിഷൻ - അപ്പീൽ കേസുകൾ ബഹു. കേരള ഹൈക്കോടതി വിധി - അപ്പീൽ തുടർനടപടികൾ -സംബന്ധിച്ച്

**തീരുമാനം :**

1. 2010-ൽ ലാന്റ് അക്വിസിഷൻ നടപടി പ്രകാരം സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ കിലയ്ക്ക് കൈമാറിയ കില കാമ്പസ്സിനോട് ചേർന്ന് കിടന്നിരുന്ന കില്ലന്നൂർ വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിലുൾപ്പെടുന്ന 5 ഏക്കർ ഭൂമിയുടെ അവകാശി കൾ കോമ്പൻസേഷൻ തൃപ്തികരമല്ല എന്ന് കാണിച്ച് തൃശ്ശൂർ സബ് കോടതിയിൽ സമർപ്പിച്ച ഹർജിയുമായി ബന്ധപ്പെട്ട് കില ബഹു. സുപ്രീംകോടതിയിൽ സമർപ്പിച്ച സ്പെഷ്യൽ ലീവ് പെറ്റിഷൻ dismiss ചെയ്ത സാഹചര്യത്തിലും ഇനി നിയമപരമായ മറ്റ് സാദ്ധ്യതകൾ നിലനിൽക്കുന്നില്ല എന്ന നിയമോദ്ദേശത്തിന്റെ സാഹചര്യത്തിലും തൃശ്ശൂർ സബ് കോടതിയിൽ നിലനിൽക്കുന്ന എക്സിക്യൂഷൻ പെറ്റീഷൻ തീർപ്പാക്കുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.
2. G.O(Rt) No.2015/13/RD dtd 16/4/2013 പ്രകാരം കിലയ്ക്ക് വേണ്ടി മെയിൻ റോഡ് വരെയുള്ള കില്ലന്നൂർ വില്ലേജിലെ 309, 310 & 539 സർവ്വെ നമ്പറുകളിലായി 1.6188 ഹെക്ടർ (4 ഏക്കർ) ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ല കളക്ടറുടെ വർക്ക് ഡെപ്പോസിറ്റ് ആയി മൊത്തം 12,84,00,000/- രൂപ (3,00,00,000/- on 30.03.2012, 4,84,00,000/- on 30.3.2014 & 5,00,00,000/- on 9.10.2015) അടവാക്കിയതിൽ നിന്ന് കോടതി വിധിയുടെ ഭാഗമായി വരുന്ന അധികതുക കണ്ടെത്താൻ തീരുമാനിച്ചു. ഇതിനായി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.
3. G.O(Rt) No.1512/16/RD dtd 26/2/2016, GO (Rt) No.2997/2017 dtd 7/9/2017 എന്നീ ഉത്തരവുകൾ പ്രകാരം കില്ലന്നൂർ വില്ലേജിലെ 538/1p, 539/1p, 540/1p, 539/1p സർവ്വെ

നമ്പറുകളിലായി 366.35 ആർ (9.05 ഏക്കർ ഭൂമി) ശ്രീമതി സുഹറ ഹൈദ്രോസ് മുതൽ പേരുടെ ഉടമസ്ഥതയിലുള്ള ഭൂമി കിലയ്ക്ക് വേണ്ടി ഉത്തരവായിട്ടുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നെഗോഷ്യേറ്റ് പർച്ചേസ് നടത്തുന്നതിന് തീരുമാനിച്ചു. കക്ഷികളുമായി ഏർപ്പെടുന്ന കരാറിൽ കോമ്പൻസേഷൻ തൃപ്തികരമാണെന്നും ഭാവിയിൽ കേസിന് പോവുകയോ നിയമ നടപടികൾ സ്വീകരിക്കുകയോ ഇല്ല എന്ന വ്യവസ്ഥ കൂടി എഴുതി ചേർക്കണമെന്നും കൗൺസിൽ നിർദ്ദേശിച്ചു.

4. ജില്ല കളക്ടറുടെ വർക്ക് ഡെപ്പോസിറ്റ് ആയി ഒടുക്കിയ തുക തിരികെ ലഭ്യമാക്കി ടി തുകയും നിലവിൽ കോർപസ് ഫണ്ടിൽ ലഭ്യമായ തുകയും ഭൂമി വാങ്ങുന്നതിനായി ഉപയോഗിക്കുന്നതിന് തീരുമാനിച്ചു.

**ഐറ്റം നമ്പർ 05:**

കില തളിപ്പറമ്പ് ഇൻറർനാഷണൽ സെൻറർ ഫോർ ലീഡർഷിപ്പ് സ്റ്റഡീസ് കേരളയും അതിന്റെ ഭാഗമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആൻഡ് ലീഡർഷിപ്പിന്റെയും (ഐ.പി.പി.എൽ) പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നത് സംബന്ധിച്ച്

**തീരുമാനം :**

1. വികേന്ദ്രീകരണവും വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പി.എച്ച്.ഡി യോഗ്യതയുള്ള, സാധ്യമെങ്കിൽ പോസ്റ്റ് ഡോക്ടൽ ഗവേഷണ പരിചയവും ബന്ധപ്പെട്ട മേഖലയിൽ ദേശീയമായി പ്രവർത്തിച്ചിട്ടുള്ള അനുഭവവും ഉള്ള, ഒരാളെ കണ്ടെത്തി സ്പെഷ്യൽ ഓഫീസറായി മൂന്ന് വർഷക്കാലത്തേക്ക് കരാർ അടിസ്ഥാന ത്തിൽ നിയമിക്കുന്നതിന് സർക്കാരിലേക്ക് പ്രൊപോസൽ സമർപ്പിക്കുവാൻ തീരുമാനിച്ചു.
2. കേരള സർക്കാർ സർവ്വീസിലെ അഡിഷണൽ ഡയറക്ടർ തസ്തികക്ക് തത്തുല്യമായ സേവനവേതന വ്യവസ്ഥകൾ ഉൾപ്പെടുത്തി സർക്കാരിലേക്ക് പ്രൊപോസൽ സമർപ്പിക്കുവാനും തീരുമാനിച്ചു.

**ഐറ്റം നമ്പർ 06:**

കില എച്ച് ആർ പോളിസിയിലെ ജീവനക്കാരുടെ ശമ്പള സ്കെയിലുകൾ അപാകതകൾ പരിഹരിച്ച് ഏകീകരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം :**

17.11.2021 ൽ നടന്ന കില ഗവേർണിംഗ് കൗൺസിൽ അംഗീകരിച്ചതും എന്നാൽ സർക്കാർ അംഗീകരിച്ച ഉത്തരവ് ആയ 04-06-2024 ലെ സ.ഉ.(സാധാ) നം.972/2024/LSGD പ്രകാരമുള്ള കില എച്ച്.ആർ പോളിസിയിൽ അംഗീകാരം ലഭിക്കാത്തതുമായ ശമ്പള സ്കെയിലുകളിലെ അപാകതകൾ ചൂണ്ടിക്കാണിച്ച സർക്കാരിലേക്ക് കത്ത് നൽകുന്നതിന് തീരുമാനിച്ചു.

**ഐറ്റം നമ്പർ 07:**

കിലയിലെ റിസർച്ച് അസോസിയേറ്റ് തസ്തികയിൽ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാന ത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സുകന്യ കെ.യു. ന്റെ നിയമനം സ്ഥിരപ്പെടുത്തിയ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം :**

സാധൂകരിച്ചു

**ഐറ്റം നമ്പർ 08:**

ഡോ. അജിത് കാളിയത്ത് അർബൻ ചെയർ പ്രൊഫസർ – അടിസ്ഥാന ശമ്പളം പുനർനിർണയിച്ച് അനുവദിക്കണമെന്ന് അപേക്ഷ – സംബന്ധിച്ച്

**തീരുമാനം :**

ഗവേർണിങ് കൗൺസിൽ ശുപാർശയോടെ സർക്കാരിലേക്ക് വിശദമായ പ്രൊപോസൽ നൽകുന്നതിന് തീരുമാനിച്ചു.

**ഐറ്റം നമ്പർ 09:**

കിലയുമായി കൂട്ടിച്ചേർത്ത മുൻ വികസന പരിശീലന കേന്ദ്രം – കില സെന്റർ ഫോർ ഗുഡ് ഗവേണൻസ് മണ്ണുത്തി സെന്ററിലെ ഫാം സൂപ്പർ വൈസർ തസ്തിക പുനർനാമകരണം ചെയ്ത് "പബ്ലിക് റിലേഷൻസ് ഓഫീസർ" എന്നാക്കി മാറ്റുന്നത് – സംബന്ധിച്ച്

**തീരുമാനം:**

പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികക്ക് വേണ്ട യോഗ്യതകൾ കൂടി ഉൾപ്പെടുത്തി സർക്കാരിലേക്ക് പ്രൊപോസൽ നൽകുന്നതിന് തീരുമാനിച്ചു.

**ഐറ്റം നമ്പർ 10:**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജി.ഐ.എസ് അനുബന്ധ മേഖലകളിൽ ജിയോ സ്പേഷ്യൽ മാപ്പിംഗ്, റിസോഴ്സ് മാപ്പിംഗ്, കാലാവസ്ഥ വ്യതിയാന കർമ്മ പദ്ധതി, എന്നിവ യുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കില കൺസൾട്ടൻസി സേവനങ്ങൾ നല്കുന്നത് സംബന്ധിച്ച്

**തീരുമാനം:**

സർക്കാരിലേക്ക് പ്രൊപോസൽ നൽകുന്നതിന് തീരുമാനിച്ചു

**ഐറ്റം നമ്പർ 11** കില ഹെഡ് ക്വാർട്ടേഴ്സ് ജീവനക്കാർക്ക് സ്റ്റാഫ് വെൽഫെയർ ഫണ്ട് രൂപീകരിക്കുന്നതിനായി ചില എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു) നൽകിയ അപേക്ഷയിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച്

**തീരുമാനം:**

1. കിലയിലെ ജീവനക്കാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ സാമ്പത്തിക സഹായം നല്കുന്നതിനായി ജീവനക്കാർക്കായി സ്റ്റാഫ് വെൽഫെയർ കമ്മിറ്റിയും ഫണ്ടും രൂപകീരിക്കുന്നതിനു തീരുമാനിച്ചു.
2. സ്റ്റാഫ് വെൽഫെയർ ഫണ്ട് രൂപീകരിക്കുന്നതിനായി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കണ്ടത്തേണ്ട നിശ്ചിത വിഹിതം സംബന്ധിച്ചും കിലയുടെ വിവിധ പ്രോഗ്രാമുകളുടെ ഭാഗമായി ലഭിക്കുന്ന അഡ്മിനിസ്ട്രേറ്റിവ് തുകയിൽ നിന്നും കണ്ടത്തേണ്ട വിഹിതവും സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തി കിലയുടെ സാമ്പത്തിക സ്ഥിതിക്ക് അനുസൃതമായ ഒരു പ്രൊപോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഐറ്റം നമ്പർ 12:**

അധ്യക്ഷൻ അനുവദിക്കുന്ന മറ്റു വിഷയങ്ങൾ

**തീരുമാനം:**

1. കില കോളേജ് ഓഫ് ഡീസെൻട്രലൈസേഷൻ ആൻഡ് ലോക്കൽ ഗവേർണൻസ് അക്കാദമിക് പ്രവർത്തനങ്ങൾക്കും ഹോസ്റ്റൽ സൗകര്യത്തിനുമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചു
2. കില കോളേജ് കെട്ടിട നിർമ്മാണത്തിനും ഹോസ്റ്റൽ നിർമ്മാണത്തിനും പ്ലാൻ വിഹിതം, കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം, കിഫ്ബി, നബാർഡ് തുടങ്ങിയവയിൽ നിന്ന് ഫണ്ട് കണ്ടെത്തുന്നതിന് തീരുമാനിച്ചു.
3. കില കോളേജ് ഓഫ് ഡീസെൻട്രലൈസേഷൻ ആൻഡ് ലോക്കൽ ഗവേർണൻസിൽ കാലാവസ്ഥ വ്യതിയാനം, ദുരന്ത നിവാരണം, മാലിന്യ സംസ്കരണം എന്നിവയിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.
4. കിലയുടെ വിവിധ ക്യാംപസുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് നിന്ന് നോൺ-റിക്കറിംഗ് ഫണ്ടിൽ നിന്ന് തുക ലഭിക്കുന്നതിന് മാനദണ്ഡങ്ങൾ പാലിച്ച് പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് തീരുമാനിച്ചു

യോഗം 12.30 PM ന് അവസാനിച്ചു

16.10.24

എം. ബി. രാജേഷ്

തദ്ദേശ സ്വയംഭരണ, എക്സൈസ്,

പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി &

ചെയർപേഴ്സൺ, കില ഗവേർണിംഗ് കൗൺസിൽ